# Joint Press Statement of the 5th NSA Level Meeting of the Colombo Security Conclave held on 09 – 10 March 2022, in Maldives

March 10, 2022

---

**2022 മാർച്ച് 09 മുതൽ 10 വരെ മാലിദ്വീപിൽ നടന്ന കൊളംബോ സെക്യൂരിറ്റി കോൺക്ലേവിന്റെ അഞ്ചാമത് എൻ എസ് എ ലെവൽ മീറ്റിംഗിന്റെ സംയുക്ത പത്ര പ്രസ്താവന**

മാർച്ച് 10, 2022

കൊളംബോ സെക്യൂരിറ്റി കോൺക്ലേവിന്റെ സ്ഥാപക അംഗങ്ങളായ മാലദ്വീപ്, ഇന്ത്യ, ശ്രീലങ്ക എന്നിവയുടെ പ്രതിനിധികളും കോൺക്ലേവിലെ ഏറ്റവും പുതിയ അംഗമായ മൗറീഷ്യസും ചേർന്ന് 2022 മാർച്ച് 09 മുതൽ 10 വരെയുള്ള തിയ്യതികളിൽ മാലിദ്വീപിൽ വച്ച് നടത്തിയ അഞ്ചാമത് ദേശീയ സുരക്ഷാ ഉപദേഷ്ടാകളുടെ യോഗം വിജയകരമായി സമാപിച്ചു. ബംഗ്ലാദേശ്, സീഷെൽസ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നിരീക്ഷകരായി പങ്കെടുത്തു.

ബഹുമാന്യരായ മാലിദ്വീപ് റിപ്പബ്ലിക് പ്രതിരോധ മന്ത്രി മരിയ അഹമ്മദ് ദീദി; ഇന്ത്യൻ പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ. അജിത് ഡോവൽ, കെ.സി. ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്ക പ്രതിരോധ മന്ത്രാലയം സെക്രട്ടറി ജനറൽ കമൽ ഗുണരത്നെ (റിട്ട.), റിപ്പബ്ലിക് ഓഫ് മൗറീഷ്യസിന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ. കുമരേശൻ ഇളങ്കോ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുകയും ഇനിപ്പറയുന്ന അഞ്ച് പ്രധാന തത്വങ്ങളിൽ പ്രാദേശിക സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സഹകരണത്തിന്റെ മേഖലകൾ ചർച്ച ചെയ്യുകയും ചെയ്തു

• സമുദ്ര സുരക്ഷയും സംരക്ഷണവും

• തീവ്രവാദത്തെയും ഭീകരവൽക്കരണത്തെയും പ്രതിരോധിക്കുക

• കള്ളകടത്ത്, രാജ്യാന്തര സംഘടിത കുറ്റകൃത്യങ്ങൾ എന്നിവയെ ചെറുക്കുക

• സൈബർ സെക്യൂരിറ്റി, ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ, ടെക്നോളജി എന്നിവയുടെ സംരക്ഷണം

• മാനുഷിക സഹായവും ദുരന്ത നിവാരണവും

സഹകരണത്തിന്റെ ഈ പ്രധാന മേഖലകളിൽ കൂടുതൽ സഹകരണത്തിനും സഹവർത്തിത്വത്തിനുമുള്ള ഒരു റോഡ്മാപ്പ് അംഗരാജ്യങ്ങൾ അംഗീകരിച്ചു. ഏകോപിതമായ പ്രതികരണങ്ങൾ, നമുപുണ്യ വികസനം അംഗരാജ്യങ്ങൾക്കിടയിൽ വിവരങ്ങളുടെ കൈമാറ്റം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള ശക്തമായ സംവിധാനങ്ങൾക്ക് റോഡ്മാപ്പ് സൗകര്യമൊരുക്കും

ബംഗ്ലാദേശിൽ നിന്നുള്ള പ്രതിനിധി സംഘത്തെ നയിച്ചത് ബംഗ്ലദേശ് പ്രധാനമന്ത്രിയുടെ പ്രതിരോധ, സുരക്ഷാ ഉപദേഷ്ടാവ് താരിഖ് അഹമ്മദ് സിദ്ദിഖ് ആണ് . സീഷെൽസ് പ്രതിനിധീകരിച്ച് സീഷെൽസ് ഡിഫൻസ് ഫോഴ്സിന്റെ ചീഫ് ഓഫ് സ്റ്റാഫ് സൈമൺ ആർചേഞ്ച് ഡൈൻ പങ്കെടുത്തു

സമാനമായ ഭീഷണികൾ നേരിടുന്ന സമുദ്ര അയൽരാജ്യങ്ങൾ എന്ന നിലയിൽ, പ്രാദേശിക സമാധാനവും സുരക്ഷയും കൈവരിക്കുന്നതിനുള്ള സ്ഥിരമായ സംയുക്ത ശ്രമങ്ങളിൽ ഏർപ്പെടാനുള്ള തങ്ങളുടെ പ്രതിബദ്ധത കോൺക്ലേവിലൂടെ അവർ വീണ്ടും ഉറപ്പിച്ചു.

**ന്യൂ ഡെൽഹി**

**മാർച്ച് 10, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.